ങ്ങൾക്കെല്ലാം ബോട്ട നൽകത്തക്കവണ്ണം ബോട്ട സംഭരണം ഡിപ്പാർട്ടമെൻറിന്റെ പക്കൽ ഇല്ലെന്ന വസ്തുതയും സംഘങ്ങൾക്കു് ബോട്ട ലഭിക്കാൻ കാലതാമസം വരുത്തുന്നു.

(ഇ) രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള ലിസ്റ്റു് അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഫിഷറീസിനെ സംബന്ധിച്ചു് മാസ്റ്റർ പ്ലാൻ

* 206 [729] ശ്രീ. കെ. ടി. ജേക്കബ്ബു്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറു് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്രഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) മാസ്റ്റർ പ്ലാൻ എന്നു മുതൽ എന്നുവരെയാണു് ഉദ്ദേശിക്കുന്നതു്;

(സി) മാസ്റ്റർ പ്ലാനിനുവേണ്ടി മൊത്തം വേണ്ടിവരുന്ന തുക എത്രയാണു്;

(ഡി) കേന്ദ്രഗവണ്മെൻറിന്റെ പ്രതികരണം ഇക്കാര്യത്തിൽ എന്താണു്?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ):

(എ) ഉണ്ടു്.

(ബി) 1969–70 സാമ്പത്തിക വർഷം മുതൽ 1988–89 സാമ്പത്തിക വർഷം വരെയാണു് ഉദ്ദേശിക്കുന്നതു്.

(സി) 305·92 കോടി രൂപ.

(ഡി) കേന്ദ്രഗവണ്മെൻറിന്റെ പ്രതികരണം അനുകൂലമായിരിക്കും എന്നാണു് വിശ്വസിക്കുന്നതു്.

അഴിമതി അന്വേഷണ ബിൽ

* 207 [730] ശ്രീ. കെ. ടി. ജോർജ്ജു്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുപ്രവർത്തകരെ സംബന്ധിച്ച അഴിമതി അന്വേഷണ ബിൽ ഈ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കുമോ;

(ബി) ബിൽ പാസ്സാക്കുന്നതിനു് മുമ്പു് അഴിമതി അന്വേഷണം സംബന്ധിച്ചു് ഇടക്കാല മെഷിനറി ഉണ്ടാക്കുന്നതിനു് ഉദ്ദേശമുണ്ടോ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) സമ്മേളനത്തിന്റെ agenda യിൽ ഈ ബില്ലു് ഉൾപ്പെടുത്തിയിട്ടുണ്ടു്.

(ബി) ഇല്ല.

---

†Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly